LIBRARY ARCHIVES Kerala Legislative Assembly

മാതൃകാ മത്സ്യഗ്രാമ പദ്ധതി

137 (2956) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിഴിഞ്ഞം, പൂല്ലുവിള എന്നീ മത്സ്യഗ്രാമങ്ങളെ മാതൃകാ മത്സ്യഗ്രാമ പദ്ധതിയിൽ ഉൾപ്പെടുത്തുമെന്നുള്ള 2014-15-ലെ ബഡ്ജറ്റ് പ്രഖ്യാപനം നടപ്പിലാക്കിയോ എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കിയെങ്കിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് ടി മത്സ്യഗ്രാമങ്ങളിൽ നടപ്പിലാക്കിയതെന്നും അതിനായി ചെലവഴിച്ച തുക എത്രയെന്നും ഇനങ്ങൾ തിരിച്ച് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) വിഴിഞ്ഞം, പൂല്ലുവിള എന്നീ ഗ്രാമങ്ങളെ മാതൃകാ മത്സ്യഗ്രാമ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി 2014-15 ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ 1168 ലക്ഷം രൂപയുടെ പൂല്ലുവിള മത്സ്യഗ്രാമ പദ്ധതി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. അത് സർക്കാരിന്റെ പരിഗണനയിലാണ്.

വിഴിഞ്ഞം മത്സ്യഗ്രാമപദ്ധതിയുടെ രൂപരേഖ തയ്യാറാക്കുന്നതിനായി ബന്ധപ്പെട്ട ജനപ്രതിനിധികളും ഉദ്യോഗസ്ഥരുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ പ്രധാനപ്പെട്ട ആവശ്യം ഭവന ലഭ്യത വർദ്ധിപ്പിക്കുക, വീടില്ലാത്ത എല്ലാവർക്കും വീട് ലഭ്യമാക്കുക എന്നതാണ്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി നടത്തിയ അന്വേഷണത്തിൽ ഫിഷറീസ് വകുപ്പിന്റെ അധീനതയിലുള്ള ഒരേക്കർ ഭൂമിയും വിഴിഞ്ഞം ക്രിസ്ത്യൻ പള്ളിയുടെ അധീനതയിലുള്ള രണ്ട് ഏക്കർ ഭൂമിയും കണ്ടെത്തിയിരുന്നു. എന്നാൽ മേൽപ്പറഞ്ഞ ഭൂമി ഭവന നിർമ്മാണത്തിനായി തടസ്സങ്ങളില്ലാതെ ലഭ്യമാകും എന്ന ഉറപ്പ് വിഴിഞ്ഞം ക്രിസ്ത്യൻ പള്ളിയുടെ അധികാരികളിൽ നിന്നും ഇതുവരെയും ലഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ പദ്ധതി റിപ്പോർട്ട് ഫിഷറീസ് ഡയറക്ടർക്ക് ലഭ്യമാക്കാൻ കഴിഞ്ഞിട്ടില്ല.

മത്സ്യത്തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ

138 (2957) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തീരപ്രദേശത്തെ മത്സ്യതൊഴിലാളി കുടുംബങ്ങൾ കടുത്ത പട്ടിണിയിലും വറുതിയിലുമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;